"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം-മെഡിക്കൽ കോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 990/2009 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നത് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1977/2025/LSGD തീയതി, തിരുവനന്തപുരം, 08-08-2025**

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 19/07/2024-ലെ എ3/1960/2015/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ)നം.516/2025/തസ്വഭവ, തീയതി, 20/02/2025.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 09/04/2025 തീയതിയിലെ കെ1-19592/18 നമ്പർ കത്ത്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05/06/2025 തീയതിയിലെ LSGD/PD/7882/2025-REV-5 നമ്പർ കത്ത്.
5. സ.ഉ.(സാധാ) നം.5867/2025/ധന, തീയതി, 11/07/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ സർവ്വേ നം. 457/7-ൽപ്പെട്ടതും ശ്രീമതി. ലീല, ശ്രീ. ഡി. സുരേന്ദ്രൻ എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.58 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.990/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,19,580/- രൂപ (ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീമതി. ലീല, ശ്രീ. ഡി. സുരേന്ദ്രൻ എന്നീ കക്ഷികൾക്ക് അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ടി എൽ.എ.ആർ.990/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,19,580/- രൂപ (ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3) സാമ്പത്തിക വർഷം അവസാനിച്ചതിനാൽ ടി തുക സറണ്ടർ ചെയ്തിട്ടുള്ളതായും മേൽ തുകയായ 1,19,580/- രൂപ (ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (3), (4) എന്നിവ പ്രകാരം യഥാക്രമം ജില്ലാ കളക്ടർ, തിരുവനന്തപുരം, പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർ അഭ്യർത്ഥിക്കുകയുണ്ടായി.

4) മേൽ പരാമർശിച്ച എൽ.എ.ആർ. 990/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,19,580/- രൂപ (ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 1,20,000/- രൂപ അധികധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

5) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.990/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,19,580/- രൂപ (ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീമതി. ലീല, ശ്രീ. ഡി. സുരേന്ദ്രൻ എന്നിവർക്ക് അനുവദിക്കുന്നതിന് '4217-60-800-93 Payment of Compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

6) പരാമർശം (5) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീമതി ലീല, സോപാനം, ചെമ്പഴന്തി പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. ഡി. സുരേന്ദ്രൻ, സോപാനം, ചെമ്പഴന്തി പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (WCD-3/261/2025/FIN. dated 17.07.2025).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/250/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 08-08-2025 17:50:44

സെക്ഷൻ ഓഫീസർ